# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1909

## 08-03-2018 ൽ മറുപടിക്ക്

## കിഫ്ബി ഫണ്ടിലേക്ക് പ്രതീക്ഷിക്കുന്ന നിക്ഷേപം

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഫണ്ട് സമാഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;<br>(ബി) 2017 ഡിസംബർ വരെ എത്ര തുക കിഫ്ബി ഫണ്ട് സമാഹരിച്ചിട്ടുണ്ടെന്നും എങ്ങനെയാണ് ഫണ്ട് സമാഹരിച്ചതെന്നും വ്യക്തമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനങ്ങളിലായി ആകെ 1772.17 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ,2015-16, 2016-17 കാലയളവിൽ 5475-00-800-92 മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് പ്രോജക്ട്സ് എന്ന ശീർഷകത്തിലെ നീക്കിയിരുപ്പ് തുകയായ 2498.41 കോടി രൂപയും കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. നബാർഡിൽ നിന്നും NIDA (NABARD Infrastructure Development Assistance)-ലൂടെ 4000 കോടി രൂപ വായ്പ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി 100.80 കോടി രൂപയും കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഇപ്രകാരം 2017 ഡിസംബർ മാസം വരെ 4371.38 കോടി രൂപ കിഫ്ബി നിധിയിൽ ലഭ്യമായിട്ടുണ്ട്. ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനും നടപടികളാരംഭിച്ചിട്ടുണ്ട്. യു.കെ, സിംഗപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനു മുന്നോടിയായി 2018 ഫെബ്രുവരി മാസം മുംബൈയിൽ വച്ച് മർച്ചന്റ് ബാങ്കർമാരുമായി കിഫ്ബി, മീറ്റിംഗ് സംഘടിപ്പിച്ചിരുന്നതും ഇക്കാര്യത്തിൽ അവരുടെ അഭിപ്രായം തേടുകയും അവർ പ്രോത്സാഹനവും സഹകരണവും വാഗ്ദാനം |

| | |
|---|---|
| | ചെയ്തിട്ടുമുണ്ട്. കൂടാതെ, കെ.എസ്.എഫ്.ഇ ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന വരുമാനം ബോണ്ടുകളായി നിക്ഷേപിച്ച് കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വരുമാനം കണ്ടെത്തുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടിയിലൂടെ കിഫ്ബിയിലേക്ക് ഫണ്ട് സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര തുക സമാഹരിച്ചു എന്ന് വ്യക്തമാക്കുമോ; | കിഫ്ബി മുഖേന നടപ്പിലാക്കുന്ന മലയോര-തീരദേശ ഹൈവെയുൾപ്പെടെയുള്ള പദ്ധതികൾക്കാവശ്യമായ തുക കണ്ടെത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ ആരംഭിക്കുന്ന പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനം കിഫ്ബിയിൽ ബോണ്ടുകളായി നിക്ഷേപിക്കുന്നതിന് ഉദ്ദേശമുണ്ട്. ഒരു ലക്ഷം പ്രവാസികളെയെങ്കിലും ഉൾക്കൊള്ളിച്ച് 25 ലക്ഷം രൂപ വരെ സലയുള്ള കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി 12,000 കോടി രൂപയോളം നിക്ഷേപം പ്രതീക്ഷിക്കുന്നു. |
| (ഡി) നടപ്പ സാമ്പത്തിക വർഷം പ്രവാസി ചിട്ടിയിലൂടെ കിഫ്ബി ഫണ്ടിലേക്ക് പ്രതീക്ഷിക്കുന്ന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ